# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4116 — 25.06.2018-ൽ മറുപടിയ്ക്ക്.

## ക്ഷീര വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഇപ്പോഴത്തെ പ്രതിദിന ക്ഷീരോത്പാദനം എത്രയാണ്; ജില്ല തിരിച്ച് വിശദാംശം നൽകമോ; | (എ) 2017-18 വർഷത്തെ പ്രതിദിന പാലുല്പാദനം 18.20 ലക്ഷം ലിറ്ററാണ്. 2017-18 ലെ ജില്ല തിരിച്ചുള്ള പാലുല്പാദന കണക്ക് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പാൽ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും, ക്ഷീര കർഷകരുടെ ക്ഷേമത്തിനുമായി ഈ സർക്കാർ പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ; | (ബി) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, കാറ്റിൽ ഫീഡ് സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ഡെയറി സോൺ, ക്ഷീരഗ്രാമം. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നുണ്ട്. ക്ഷീരകർഷകർക്കും ഉരുക്കൾക്കുമുള്ള ഇൻഷ്വറൻസും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) ക്ഷീര വിപണന സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകമോ? | (സി) ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2018-19 വർഷം 2,844 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>(1) ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>(2) പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണം<br>(3) ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണം<br>(4) ട്രാൻസ്പോർട്ടേഷൻ ഓഫ് മിൽക്ക്<br>(5) ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം |

(6) പാൽസംഭരണി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം. മികച്ച ക്ഷീരസംഘങ്ങൾക്കുള്ള ഡോ.വർഗ്ഗീസ് കുര്യൻ അവാർഡ്

(7) ക്ഷീര സംഘങ്ങളുടെ ആട്ടോമേഷൻ

(8) ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ സംസ്കരണം, ചില്ലിംഗ്, പുനർനിർമ്മാണം ശീതീകരണ മുറി, കാറ്റിൽ ഫീൽഡ് പ്ലാന്റ് ഇടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം

(9) ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് (AMC) യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം

(10) ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള സഹായം

(11) സമഗ്ര സഹകരണ പ്രചരണ പരിപാടി

(12) കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള സഹായം

(13) ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജന (ETP) സൗരോർജം വിനിയോഗം, മഴവെള്ള സംഭരണി എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | ജില്ല | 2017-18 ലെ പ്രതിദിന പാലുല്പാദനം (ലക്ഷം ലിറ്ററിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 694.49 |
| 2 | കൊല്ലം | 510.93 |
| 3 | പത്തനംതിട്ട | 176.18 |
| 4 | ആലപ്പുഴ | 383.75 |
| 5 | കോട്ടയം | 343.70 |
| 6 | ഇടുക്കി | 641.40 |
| 7 | എറണാകുളം | 444.25 |
| 8 | തൃശ്ശൂർ | 337.67 |
| 9 | പാലക്കാട് | 980.56 |
| 10 | മലപ്പുറം | 241.16 |
| 11 | കോഴിക്കോട് | 382.74 |
| 12 | വയനാട് | 796.73 |
| 13 | കണ്ണൂർ | 482.63 |
| 14 | കാസർഗോഡ് | 225.91 |
| 15 | ആകെ സംഭരണം – ലിറ്ററിൽ | 6642.10 |
| 16 | ആകെ സംഭരണം – ലക്ഷം – മെട്രിക് ടൺ | 6.64 |
| 17 | പ്രതിദിന ശരാശരി – ലക്ഷം ലിറ്ററിൽ | 18.20 |

സെക്ഷൻ ഓഫീസർ